**GAZETTE DATE : 31.12.2025**
**LAST DATE : 04.02.2026**

# CATEGORY NO: 818/2025 to 822/2025

## SECOND NCA NOTIFICATION

Applications are invited online only through One Time Registration from qualified candidates belonging to the reservation group of Muslim, Ezhava/Thiyya/Billava, Viswakarma, Latin Catholics / Anglo Indian and Scheduled Caste communities of Kerala State for appointment in the undermentioned post in Kerala Government Service. Before applying for the post the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1 **Department** : **Technical Education**

2 **Name of Post** : **Lecturer in Commercial Practice (Govt. Polytechnic Colleges)**

3 **Scale of pay** : **₹ 51400 – 110300/-**

4 **Number of vacancy** :

| Category No. | Community | Vacancies |
|---|---|---|
| 818/2025 | Muslim | - 01 (One) |
| 819/2025 | Ezhava/Thiyya/Billava | - 01 (One) |
| 820/2025 | Viswakarma | - 01 (One) |
| 821/2025 | Latin Catholics/ Anglo Indian | - 01 (One) |
| 822/2025 | Scheduled Caste | - 01 (One) |

The above vacancies are now in existence. The Ranked list published as per this notification will be valid until candidates are advised and appointed against the vacancies earmarked to the above mentioned communities, but remains unfilled due to the paucity of candidates during the currency of the Ranked list published on 04.09.2024 (Category No:666/2022) for the post. This is the second NCA notification issued due to non-availability of qualified candidates belonging to the above communities in response to the First NCA notification vide Category No: 766/2024 – 770/2024 in the Gazette dated 31.12.2024.

5. **Method of appointment** : Direct recruitment (From among candidates belonging to the Muslim, Ezhava//Thiyya/Billava, Viswakarma, Latin Catholics/Anglo Indian and Scheduled Caste communities to the corresponding category numbers)

**Note:-** Applications of candidates belonging to communities other than those mentioned will be summarily rejected. Individual communication regarding the rejection of their application will not be issued.

6. **Age limit** :

i) Muslim, Ezhava/ Thiyya/Billava, Viswakarma & Latin Catholics / Anglo Indian — **20 - 42** .Only candidates born between 02/01/1983 and 01/01/2005 (both dates are included) are eligible to apply for this post [including age relaxation under para 2(i) of the general conditions].

ii) Scheduled Caste — **20 - 44**. Only candidates born between 02/01/1981 and 01/01/2005 (both dates are included) are eligible to apply for this post [including age relaxation under para 2(i) of the general conditions].

**Note** 1. For other conditions regarding the age relaxation please see Part II, Para 2 of the General Conditions of the Gazette notification.

2 Officers of the Technical Education Department, Public Works Department, Public Health Engineering Department, Industrial

Department, and Architecture & Town Planning Department may also apply. They will be allowed age relaxation to the extent of their service in those departments.

(Maximum age limit shall not exceed 50 years as on 01.01.2025)

**7. Qualification** : First Class Master's Degree in Commerce from a recognized University after undergoing a regular course of study and Diploma in Commercial Practice.

(GO (P)No.366/2010/HEdn dated 08.11.2010)

**Note:** i **KS&SSR Part II Rule 10 (a)ii is applicable**

ii Candidates who have acquired Non-qualifying Degrees viz. Ph D/M Phil/Post Doctoral Fellowship will be awarded weightage marks provided that such Non-Qualifying Degrees shall be in the subjects pertaining to the basic qualification stipulated for the post. Weightage marks for Non-qualifying Degrees for ranking will be awarded as detailed below.

| | |
|---|---|
| Non-Qualifying M Phil | - 2 marks |
| Non-Qualifying Ph D | - 4 marks |
| Both M Phil and Ph D (Non-Qualifying) | - 5 marks |
| Post Doctoral Fellowship | - 2 marks |

Non-qualifying degree means the additional qualifications which are earned apart from the qualifications insisted on as essential qualifications for the post. Weightage marks will be awarded only to those non-qualifying degrees which are claimed in the application and which are acquired on or before the last date for receipt of applications.

iii In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

iv The Degrees/Diplomas awarded by UGC approved Universities or Institutions established through an act passed by Parliament/State Legislative Assembly in accordance with the conditions laid down in G.O (M.S) No.526/PD dated 17.07.1965 are acceptable for appointment in Government Services.

(Link: https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf )

**8. Mode of submitting Application:-**

**a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging in to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. **Candidates who create new Profile should upload their photograph taken within a period of 6 months.** Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. **Candidates shall take a printout of the application by clicking the link My Application in their profile**. All correspondence with the Commission regarding the application should be accompanied with the printout of the application. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information on their profile. They must quote the User-ID for further communication with the Commission. Application once submitted is received as provisional and the details cannot be deleted or altered after the last date for receipt of applications.. The application will be summarily rejected if noncompliance with the notification is found in due course of processing. Documents to prove qualification, age, Community etc. have to be produced as and when called for. The profile correction made by the candidates themselves or in the office of KPSC on request, after the last date fixed for the receipt of applications will not reflect in the application.Such corrections will come into effect only on the date on which corrections have been made.

**b)** If a Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation on writing the examination through their one time registration profile. Such candidates alone can generate and download the admission tickets in the last 15 days till the date of test .The applications of the candidates who do not submit confirmation within the stipulated period will be rejected summarily. The period regarding the submission of confirmation and availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and mobile phone number registered in it.

**c) Candidates who have AADHAR card should add AADHAR Card as I.D Proof in their profile**

**9. Special Instructions to candidates**

- **(a)** In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.
- **(b)** Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.
- **(c)** Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**10. Last date for submission of application:- 04.02.2026, Wednesday upto 12.00 midnight..**

**11. Address to which applications are to be sent : www.keralapsc.gov.in**

(**Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc.)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ  818/2025 to 822/2025

**രണ്ടാം എൻ സി എ വിജ്ഞാപനം**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള മുസ്ലിം, ഈഴവ/തിയ്യ/ബില്ലവ, വിശ്വകർമ്മ, ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇൻഡ്യൻ, പട്ടികജാതി എന്നീ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ഓൺലൈനായി മാത്രം ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷിക്കാവുന്നതാണ് .

1. **വകുപ്പ്** : **സാങ്കേതിക വിദ്യാഭ്യാസം**

2. **ഉദ്യോഗപ്പേര്** : **ലക്ചറർ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഗവ. പോളിടെക്നിക്ക് കോളേജുകൾ)**

3. **ശമ്പളം** : **₹ 51400 – 110300/-**

4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നമ്പർ | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 818/2025 | മുസ്ലിം | 01 (ഒന്ന്) |
| 819/2025 | ഈഴവ/തിയ്യ/ബില്ലവ | 01 (ഒന്ന്) |
| 820/2025 | വിശ്വകർമ്മ | 01 (ഒന്ന്) |
| 821/2025 | ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇൻഡ്യൻ | 01 (ഒന്ന്) |
| 822/2025 | പട്ടികജാതി | 01 (ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയിൽ 04.09.2024 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 666/2022) കാലയളവിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സമുദായങ്ങൾക്ക് വേണ്ടി നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 31.12.2024 തീയതിയിലെ കാറ്റഗറി നമ്പർ 766/2024 – 770/2024 പ്രകാരമുള്ള ഒന്നാം എൻ.സി.എ. വിജ്ഞാപനപ്രകാരം പ്രസ്തുത സമുദായങ്ങളിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലിം, ഈഴവ/തിയ്യ/ബില്ലവ, വിശ്വകർമ്മ, ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇൻഡ്യൻ, പട്ടികജാതി എന്നീ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം അതാത് കാറ്റഗറി നമ്പരുകളിലേക്ക്)

   **കുറിപ്പ്:-** ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6. **പ്രായപരിധി** :

| | |
|---|---|
| i) മുസ്ലിം, ഈഴവ/ തിയ്യ/ബില്ലവ, വിശ്വകർമ്മ, ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇൻഡ്യൻ | **20 – 42.** ഉദ്യോഗാർത്ഥികൾ 02/01/1983 നും 01/01/2005 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ) |
| ii)പട്ടികജാതി | **20 – 44.** ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2005 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ) |

**കുറിപ്പ് :-** 1 വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് – 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

2 സാങ്കേതിക വിദ്യാഭ്യാസം , പൊതുമരാമത്ത് , പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് , വ്യവസായം, ആർക്കിടെക്ചർ & ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. (യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2025 ൽ 50 വയസ്സ് കവിയാൻ പാടില്ല. )

**7. യോഗ്യത** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനുശേഷം കൊമേഴ്സിൽ നേടിയ ഒന്നാം ക്ലാസ്സ് ബിരുദാനന്തര ബിരുദവും കൊമേഴ്സ്യൽ പ്രാക്ടീസിൽ നേടിയ ഡിപ്ലോമയും.
(സ.ഉ. (അച്ചടി) നമ്പർ: 366/2010/ഉ.വി.വ തീയതി 08.11.2010)

**കുറിപ്പ്:-** i **KS&SSR Part II Rule 10(a) ii ബാധകമാണ്.**

ii തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പി. എച്ച്. ഡി./ എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽകുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

നോൺ ക്വാളിഫയിങ് എം.ഫിൽ – 2 മാർക്ക്

നോൺ ക്വാളിഫയിങ് പി. എച്ച്. ഡി – 4 മാർക്ക്

എം.ഫിൽ & പി. എച്ച്. ഡി(നോൺ ക്വാളിഫയിങ്) – 5 മാർക്ക്

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് – 2 മാർക്ക്

നോൺ ക്വാളിഫയിങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികയ്ക്ക് ആവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കുള്ളിൽ നേടിയതും, അപേക്ഷയിൽ അവകാശപ്പെട്ടതുമായ നോൺ ക്വാളിഫയിങ് ഡിഗ്രികൾക്കു മാത്രമേ വെയ്റ്റേജ് മാർക്ക് നൽകുകയുള്ളൂ.

iii ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

iv 17.07.1965-ലെ G.O(M.S) No.526/PD-യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസ്സാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള സ്ഥാപനങ്ങളും UGC അംഗീകൃതമായ സർവ്വകലാശാലകളും നൽകുന്ന ഡിഗ്രി, ഡിപ്ലോമ എന്നിവ സർക്കാർ സർവീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link:- https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf )

**8. അപേക്ഷകൾ അയക്കേണ്ട രീതി**

**എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID - യും Password -ഉം ഉപയോഗിച്ച് Login ചെയ്തശേഷം സ്വന്തം Profile - ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link - ലെ Apply now - ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ് ലോഡ് ചെയ്ത ഫോട്ടോയ്ക്ക്
അപ് ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **My Application** എന്ന **Link - ൽ click**

**ചെയ്ത് അപേക്ഷയുടെ Print out എടുത്ത് സൂക്ഷിക്കേണ്ടതാണ്.** അപേക്ഷ സംബന്ധമായി കമ്മീഷനുമായി തുടർന്ന് നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ് . Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുമ്പും തന്റെ Profile – ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അവസാന തീയതിയ്ക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.അവസാന തീയതിയ്ക്കു ശേഷം profile –ൽ ഉദ്യോഗാർഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും അവർ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖേന വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല.കൂടാതെ തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ ആയവയ്ക്ക് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**ബി)** ഈ തെരഞ്ഞെടുപ്പിന് എഴുത്ത്/ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്.അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിയ്ക്കപ്പെടുന്നതാണ്.സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

**സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നല്കേണ്ടതാണ്.**

**9. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(എ) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ് എസ് എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലിയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ,സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**10. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി:04.02.2026, ബുധനാഴ്ച രാത്രി 12.00 മണി വരെ.**

**11. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം:** www.keralapsc.gov.in

**(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക്. ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ